മാവേലി സ്റ്റോറുകൾ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യസാധനങ്ങൾ

1240. [1854] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു സിവിൽ സപ്ലൈസ് മാവേലി സ്റ്റോറുകൾ വഴി വിതരണം ചെയ്യുന്ന സാധനങ്ങളുടെ വില ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തവണ എത്ര പൈസ വീതം കൂടിയെന്ന് വ്യക്തമാക്കുമോ ;

(ബി) ഉൽസവകാലങ്ങളിൽ മാവേലി സ്റ്റോറുകൾ വഴി ജവുളി വിതരണത്തിനുള്ള നടപടി കൂടി സ്വീകരിക്കാമോ ?

ഉത്തരം

(എ) പരസ്യ വിപണിയിലുണ്ടാകുന്ന വിലയുടെ ഏറ്റക്കുറച്ചിലുകൾ കണക്കിലെടുത്ത് മാവേലി സ്റ്റോറുകൾ വഴി വിതരണം ചെയ്യുന്ന സാധനങ്ങളുടെ വിലയിലും വ്യത്യാസം വരുത്താറുണ്ട്. എപ്പോഴും പരസ്യ വിപണിയിലെ വിലയെക്കാൾ കുറഞ്ഞിരിക്കാൻ ശ്രദ്ധിക്കാറുണ്ട്.

(ബി) ഉൽസവ ബസാറുകളിൽ ജവുളി വിതരണം നടത്താറുണ്ട്. മാവേലി സ്റ്റോറുകളിൽ കൂടി ജവുളി വിതരണം നടത്താൻ പ്രയാസമാണ്.

നാവായിക്കുളം പഞ്ചായത്തിൽ മാവേലി സ്റ്റോർ

1241. [1855] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിൽ നാവായിക്കുളം പഞ്ചായത്തിൽ മാവേലി സ്റ്റോർ തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) എങ്കിൽ അതിന്റെ പ്രവർത്തനം എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ, ബി) ഗ്രാമപ്രദേശങ്ങളിലേക്ക് അനുയോജ്യമായ സംവിധാനം സഹകരണ മാവേലി സ്റ്റോറുകളാണ്. ഇവിടെ ഇപ്പോൾതന്നെ ഒരു സഹകരണ മാവേലി സ്റ്റോർ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്ത് പ്രദേശങ്ങളിൽ മാവേലി സ്റ്റോറുകൾ ലാഭകരമായി പ്രവർത്തിപ്പിക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ നാവായിക്കുളം പഞ്ചായത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഒരു മാവേലി സ്റ്റോർ ആരംഭിക്കുവാൻ ബുദ്ധിമുട്ടുണ്ട്.

കരവാരം പഞ്ചായത്തിൽ മാവേലി സ്റ്റോർ

1242. [1856] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിൽ കരവാരം പഞ്ചായത്തിൽ മവേലി സ്റ്റോർ തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) എങ്കിൽ അതിന്റെ പ്രവർത്തനം എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly